

എസ്. ഹരികിഷോർ ഐ.എ.എസ്

Pradhan Mantri Awaas Yojana
Housing for All

# നഗരങ്ങളിൽ എല്ലാവർക്കും ഭവനം

2022 ഓടെ നഗരങ്ങളിലെ എല്ലാവർക്കും വീട് നൽകണമെന്ന ലക്ഷ്യത്തോടെ കേന്ദ്രഗവൺമെന്റ് വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (PMAY). മുൻകാലങ്ങളിൽ സുപ്രധാന നഗര വികസന പദ്ധതികളായ ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി, ആർ.എ.വൈ തുടങ്ങിയ വിവിധ മിഷനുകളുടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ച പാരമ്പര്യമുള്ളതുകൊണ്ടും നഗരത്തിലെ ദരിദ്ര കുടുംബങ്ങളെ കണ്ടെത്താനും അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധ്യമാകുന്ന ഏറ്റവും മികച്ച ശൃംഖലയായതു കൊണ്ടും പി.എം.എ.വൈയുടെ നോഡൽ ഏജൻസിയായി കേരളത്തിൽ കുടുംബശ്രീയെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

പി.എം.എ.വൈ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റിയും ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളെക്കുറിച്ചുമാണ് മാഗസിന്റെ ഈ ലക്കത്തിൽ പ്രത്യേകമായി പരാമർശിക്കുന്നത്. കേരളത്തിലെ 93 നഗരങ്ങളിലേക്കും കഴിഞ്ഞ വർഷം പി.എം.എ.വൈ വ്യാപിപ്പിച്ചു കഴിഞ്ഞു. നഗരങ്ങളിൽ വീടില്ലാത്തവരെ കണ്ടെത്താൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ വിശദമായ സർവേ നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇന്ന്, പദ്ധതി എല്ലാ നഗരങ്ങളിലുമെത്തി ഒരു വർഷം കഴിയുമ്പോഴേക്കും സ്വന്തമായി സ്ഥലമുള്ള എന്നാൽ വീടില്ലാത്ത എല്ലാവർക്കും വീടു നൽകാനുള്ള ധനസഹായം ലഭ്യമാക്കാൻ കുടുംബശ്രീക്ക് പി.എം.എ.വൈയിലൂടെ സാധിച്ചുവെന്നത് അഭിമാനിക്കാവുന്ന കാര്യമാണ്.

സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുവയ്ക്കാൻ മൂന്നു ലക്ഷം രൂപ ധനസഹായം (ലൈഫ് മിഷനുമായി സംയോജിപ്പിച്ച് ഇത് നാല് ലക്ഷമാക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്) പി.എം.എ.വൈയിലൂടെ നൽകുന്നു. സ്ഥലമില്ലാത്തവർക്ക് ഫ്ളാറ്റ് നിർമിച്ചുകൊടുക്കാൻ ധനസഹായം ലഭിക്കുന്നു. ഇതുകൂടാതെ വീട് വാങ്ങാനോ, ലോണെടുത്ത് സ്വയം വീടു വയ്ക്കാനോ താൽപര്യമുള്ളവർക്ക് തങ്ങളുടെ ലോണിന് പലിശയിളവ് ലഭിക്കുന്നു. ഈ മൂന്ന് പ്രധാന ഘടകങ്ങളും, ഇതുകൂടാതെ ചേരിപ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന പദ്ധതിയും ഉൾപ്പെടെ നഗരപ്രദേശത്തെ വീടില്ലാത്ത എല്ലാവരേയും ഉൾപ്പെടുത്തി അവർക്ക് ഉതകുന്ന തലത്തിൽ ധനസഹായം/പലിശയിളവ്/വീടു നൽകൽ എന്നിവ യാഥാർത്ഥ്യമാക്കാൻ പി.എം.എ.വൈ വിഭാവനം ചെയ്യുന്നു.

കുടുംബശ്രീ 93 നഗരങ്ങളിൽ പി.എം.എ.വൈയ്ക്കായി നടത്തിയ സർവേ പ്രകാരം വീടില്ലാത്ത, എന്നാൽ സ്വന്തമായി സ്ഥലമുള്ള 80,000-ത്തോളം കുടുംബങ്ങളാണ് കേരളത്തിൽ ഉള്ളതെന്ന്

കാണാൻ കഴിയും. ഇതിൽ 67,000-ലധികം പേർക്കും വീടിനുള്ള ധനസഹായം നൽകാനുള്ള പ്രോജക്ട് പാസാക്കി നൽകാൻ കുടുംബശ്രീക്ക് സാധിച്ചു. 2017 ഡിസംബറിൽ ഈ മാസിക നിങ്ങളുടെ കൈയ്യിലെത്തുമ്പോഴേക്കും ബാക്കിയുള്ള 13,000 പേരുടെയും പ്രോജക്ട് പാസാകും. ഇത് ഒരു ചരിത്ര നേട്ടമാണ്. 80,000 കുടുംബങ്ങളിൽ പ്രകാശം പരത്താൻ കുടുംബശ്രീക്ക് ചുരുങ്ങിയ സമയം കൊണ്ട് സാധിച്ചിരിക്കുന്നു. നഗരസഭകളിലൂടെയാണ് പദ്ധതിയുടെ നടത്തിപ്പ് എന്നതിനാൽ നഗരസഭാ ഭരണകൂടത്തിന്റെ പ്രവർത്തനവും ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതാണ്.

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ഒരു ലക്ഷം കുടുംബങ്ങളാണ് നഗരങ്ങളിൽ ഇന്ന് താമസിക്കുന്നത് എന്ന് സർവേയിലൂടെ മനസിലാക്കാം. ഈ ഒരുലക്ഷം പേർക്കും വീടും സ്ഥലവും നൽകുന്ന വലിയ ഒരു കടമ്പ ഇനി പി.എം.എ.വൈയിൽ ബാക്കിയുണ്ട്. കേരള ഗവൺമെന്റ് വിഭാവനം ചെയ്ത നവകേരള ആക്ഷൻ പ്ലാനിലെ ലൈഫ് പദ്ധതിയുമായി ചേർന്നുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പാക്കുക. നഗരസഭകൾ സ്ഥലം കണ്ടെത്തുകയും ഇവിടെ ഭവനസുച്ചയങ്ങൾ (ഫ്ളാറ്റ്) പണിയുകയും സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങൾക്ക് ഈ ഫ്ളാറ്റ് നൽകുകയും ചെയ്യണമെന്നാണ് ആസൂത്രണം ചെയ്തുവരുന്നത്. ഇതിനായുള്ള സ്ഥലം പല നഗരസഭകളും കണ്ടെത്തിക്കഴിഞ്ഞു. ഒരു ഫ്ളാറ്റിലെ ഒരു വീടിന് ഒന്നരലക്ഷം രൂപയാണ് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുക. ഇപ്പോഴത്തെ മാർക്കറ്റ് വില പരിശോധിക്കുമ്പോൾ 10 ലക്ഷം രൂപയോളം ഒരു ഫ്ളാറ്റ് പണിയാൻ ആവശ്യമായി വരും. ഒരു ലക്ഷം പേർക്കുള്ള ഫ്ളാറ്റിന് 10,000 കോടി രൂപയോളം ആവശ്യമാണ്. ഈ തുകയിൽ 1500 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചാൽ ബാക്കി തുക കണ്ടെത്തുന്നതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ തീരുമാനം കൂടി ഉണ്ടായാൽ ഫ്ളാറ്റുകളുടെ പ്രോജക്ടുകളും കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം വാങ്ങി തുടങ്ങാൻ വേണ്ട നടപടികൾ കുടുംബശ്രീ സ്വീകരിക്കും.

നഗരത്തിലെ പാവപ്പെട്ടവരെ മാത്രമല്ല, ഇടത്തരക്കാരെയും പി.എം.എ.വൈ പരിഗണിക്കുന്നു. പ്രതിമാസം 50,000 രൂപയോ അതിൽ താഴെയോ വരുമാനമുള്ളയാളുടെ ആറ് ലക്ഷം രൂപ വരെയുള്ള ഹൗസിംഗ് ലോണിന് 6.5% പലിശ ഇളവ് ലഭിക്കുന്നു. പ്രതിമാസം 1,00,000 രൂപ വരെ വരുമാനമുള്ളയാളുടെ ഒമ്പത് ലക്ഷം രൂപ വരെയുള്ള ഹൗസിംഗ് ലോണിന് 4% പലിശയിളവും പ്രതിമാസം 1,50,000 രൂപ വരെ വരുമാനമുള്ള കുടുംബങ്ങൾ എടുക്കുന്ന 12 ലക്ഷം വരെയുള്ള ഹൗസിംഗ് ലോണിന് 3% പലിശയിളവും പി.എം.എ.വൈയിലൂടെ ലഭ്യമാകുന്നു. ഇതുവരെ 4200-ഓളം പേർ മാത്രമാണ് പലിശയിളവിനുള്ള അപേക്ഷ നൽകി ഹൗസിംഗ് ലോൺ എടുത്തിട്ടുള്ളത്. 30,000 പേർക്കെങ്കിലും ഈ ആനുകൂല്യം ലഭ്യമാക്കുകയാണ് കുടുംബശ്രീയുടെ ആദ്യത്തെ ലക്ഷ്യം. ഇതിനായി ബാങ്ക് മാനേജർമാരുടെയും, നഗരസഭകളുടെയും, കുടുംബശ്രീ സി.ഡി.എസിന്റേയും, ഉദ്യോഗസ്ഥരുടെയും സംഘടിതമായ, ആത്മാർത്ഥമായ ശ്രമം ആവശ്യമാണ്. വരും മാസങ്ങളിൽ ഈ ലക്ഷ്യം നേടാൻ നമുക്ക് കൈകോർക്കാം.

രണ്ട് ലക്ഷം വീടുകൾ നഗരങ്ങളിൽ വരുമ്പോൾ വീടുകൾ നിർമിക്കാനും വീടിനാവശ്യമായ സിമന്റ്, ബ്രിക്സ് നിർമിക്കാനുമുള്ള സംരംഭങ്ങൾക്കും ആവശ്യം കൂടും. ഈ അവസരം മനസിലാക്കി നിർമാണ മേഖലയിൽ പരിശീലനം നൽകാനും ഹോളോ ബ്രിക്സ്/സോളിഡ് ബ്ലോക്ക് യൂണിറ്റുകൾ തുടങ്ങാനും കുടുംബശ്രീ മുൻകൈയ്യെടുക്കുന്നു. 30-ലധികം വീടുകൾ പൂർത്തിയാക്കിയ വനിതാ നിർമാണ യൂണിറ്റുകൾ കുടുംബശ്രീക്ക് അഭിമാനിക്കാവുന്ന ഫലം നൽകിയിട്ടുണ്ട്. ഈ മാതൃക പിന്തുടർന്ന് കൂടുതൽ കെട്ടിട നിർമാണ ഗ്രൂപ്പുകളും, പെയിന്റിംഗ് യൂണിറ്റുകളും, നിർമാണ സാമഗ്രികൾ ഉണ്ടാക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇതിനായുള്ള പരിശീലനങ്ങൾ എല്ലാ ജില്ലകളിലും ഡിസംബറിൽ ആരംഭിക്കുകയാണ്.

വീടിന്റെ ആവശ്യം കൂടുമ്പോൾ പെട്ടെന്ന് നിർമാണം പൂർത്തീകരിക്കാൻ നൂതന സാങ്കേതിക വിദ്യയുടെ സഹായം തേടേണ്ടതുണ്ട്. 16 വിവിധ സാങ്കേതിക വിദ്യകൾ (പ്രീഫാബ്രിക്കേറ്റഡ് മെറ്റീരിയൽ ഉൾപ്പെടെ) ഉപയോഗിച്ച് ഫ്ളാറ്റുകൾ ഇന്ത്യയിൽ നിർമിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പെട്ടെന്ന് നിർമാണം പൂർത്തിയാക്കാനും, ഇത്തരം പ്രീഫാബ് വീടുകൾ നിർമിക്കാൻ മുന്നോട്ടുവരുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാനും പദ്ധതിയുണ്ട്. ഇതുകൂടാതെ ഓരോ പി.എം.എ.വൈ വീട്ടിൽ നിന്നും ഒരാൾക്ക് തൊഴിൽ പരിശീലനം നഗര നൈപുണ്യ പദ്ധതിയായ എൻ.യു.എൽ.എമിൽ ഉൾപ്പെടുത്തി നൽകാനും വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. പി.എം.എ.വൈ മികച്ച രീതിയിൽ നടപ്പിലാക്കുമ്പോൾ കുടുംബശ്രീ വിഭാവനം ചെയ്യുന്ന നഗരദരിദ്രരുടെ എണ്ണം കുറയ്ക്കുക എന്ന ലക്ഷ്യത്തിലേക്ക് നാം കൂടുതൽ അടുക്കുമെന്നു കരുതാം.